**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3341** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഭൂനികുതി വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ഒരു ഹെക്ടറിനുള്ള ഭൂനികുതി എത്രയായിരുന്നു; മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഭൂനികുതി എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ട്; ഓരോ തവണയും എത്ര തുകയാണ് വർദ്ധിപ്പിച്ചത്; ഈ ഇനത്തിൽ ഓരോ സാമ്പത്തിക വർഷവും എന്ത് തുക അധികം വരുമാനമായി ലഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | മുൻ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ഒരു ആറിനുള്ള ഭൂനികുതി കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവിടങ്ങളിൽ യഥാക്രമം 8രൂപ, 4രൂപ, 2രൂപ എന്നിങ്ങനെയായിരുന്നു.<br><br>മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഭൂനികുതി രണ്ട് തവണ വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.<br><br>ഈ ഇനത്തിൽ ഓരോ സാമ്പത്തിക വർഷവും ലഭിച്ച അധിക വരുമാനം ചുവടെ ചേർക്കുന്നു.<br><br>1. 2018-2019 - 118 കോടി<br><br>2. 2019-2020 - 120.37 കോടി<br><br>3. 2020-2021 - 122.61 കോടി<br><br>4. 2021-2022 - 132.99 കോടി<br><br>5. 2022-2023 - 212.37 കോടി<br><br>6. 2023-2024 - 208.08 കോടി<br><br>7. 2024-2025 (ജനുവരി മാസം വരെ) - 190.55 കോടി |
| (ബി) | നിലവിൽ ഒരു ഹെക്ടറിന്റെ ഭൂനികുതി എത്രയാണ്; അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച ഭൂനികുതി വർദ്ധനവ് കണക്കാക്കുമ്പോൾ ഒരു ഹെക്ടറിന്റെ ഭൂനികുതി എത്രയായിരിക്കുമെന്ന വിശദാംശം പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; ഭൂനികുതി ഉയർത്തിയ തീരുമാനം പിൻവലിക്കുവാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ? | (ബി) | നിലവിൽ ഒരു ആറിന്റെ ഭൂനികുതി കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവിടങ്ങളിൽ യഥാക്രമം 30രൂപ, 15രൂപ, 8രൂപ എന്നിങ്ങനെയാണ്.<br><br>അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച ഭൂനികുതി വർദ്ധനവ് പ്രകാരം ഒരു ആറിന്റെ ഭൂനികുതി കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത് എന്നിവിടങ്ങളിൽ യഥാക്രമം 45രൂപ, 22.5രൂപ, 12രൂപ എന്നിങ്ങനെയായിരിക്കും.<br><br>ഭൂനികുതി വർധിപ്പിച്ച തീരുമാനം പിൻവലിക്കുന്നത് സംബന്ധിച്ച് വിശദമായ പരിശോധനകൾക്ക് ശേഷം മാത്രമേ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

**<u>മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയുള്ള ഭൂനികുതി നിരക്കുകൾ</u>**

| | **01.04.2018 മുതൽ 31.03.2022 വരെ** | **01.04.2022 മുതൽ നിലവിലുള്ള നിരക്ക്** |
|---|---|---|
| കോർപ്പറേഷൻ | 1.62 ആർ വരെ 10 രൂപ /ആർ<br><br>1.62 ആർ-ന് മുകളിൽ 20 രൂപ / ആർ | 1.62 ആർ വരെ 20 രൂപ / ആർ<br><br>1.62 ആർ-ന് മുകളിൽ 30 രൂപ / ആർ |
| മുൻസിപ്പാലിറ്റി | 2.43 ആർ വരെ 5 രൂപ / ആർ<br><br>2.43 ആർ-ന് മുകളിൽ 10 രൂപ / ആർ | 2.43 ആർ വരെ 10 രൂപ / ആർ<br><br>2.43 ആർ-ന് മുകളിൽ 15 രൂപ / ആർ |
| പഞ്ചായത്ത് | 8.1 ആർ വരെ 2 രൂപ 50 പൈസ /ആർ<br><br>8.1 ആർ-ന് മുകളിൽ 5 രൂപ / ആർ | 8.1 ആർ വരെ 5 രൂപ / ആർ<br><br>8.1 ആർ-ന് മുകളിൽ 8 രൂപ / ആർ |